"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശസ്വയംഭരണ വകുപ്പ്-11-02-2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്- 'ആനമതിൽ-ബ്ലോക്ക് വിഹിതം' എന്ന പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.**

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.254/2022/LSGD തീയതി,തിരുവനന്തപുരം, 05-02-2022

---

പരാമർശം:- 1. കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.12.2021 ലെ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ 11.01.2022-ലെ തീരുമാനം നം.4.48

**ഉത്തരവ്**

കാറഡുക്ക ബ്ലോക്കു പഞ്ചായത്തിൽ കാട്ടാനകൾ ജനവാസ മേഖലയിൽ കടന്നു വരികയും കൃഷിയ്ക്കും മനുഷ്യനും നാശനഷ്ടം സൃഷ്ടിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തും പ്രദേശത്തെ അഞ്ച് ഗ്രാമ പഞ്ചായത്തുകളും ചേർന്ന് കാട്ടാനകളെ പ്രതിരോധിക്കുന്നതിനായി ഹാങ്ങിംഗ് ഫെൻസിംഗിന് നിർമ്മാണത്തിനായി പ്രോജക്ട് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും 29 കിലോമീറ്റർ നീളത്തിൽ നിർമ്മിക്കുന്ന വേലിക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 20.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും ടി ഈ തുക ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനു കൈമാറി പ്രോജക്ട് നിർവ്വഹണം നടത്താൻ അനുമതി നൽകണമെന്നുമുള്ള പരാമർശം (1) പ്രകാരമുള്ള അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി പരിഗണിക്കുകയും അനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ കാറഡുക്ക ബ്ലോക്കു പഞ്ചായത്ത് പ്രദേശത്തെ ഗ്രാമ പഞ്ചായത്തുകളുമായി ചേർന്ന് കാട്ടാനകളെ പ്രതിരോധിക്കുന്നതിന് ഹാങ്ങിംഗ് ഫെൻസിംഗിന് നിർമ്മാണത്തിനായി നടപ്പാക്കുന്ന പദ്ധതിയിലെ (*പ്രോ.നം:* 47/22) ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 20.00 ലക്ഷം രൂപ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനു കൈമാറി പ്രോജക്ട് നിർവ്വഹണം നടത്താൻ അനുമതി നൽകി ഉത്തരവാകുന്നു. ട്രഷറി നടപടികൾക്ക് ധനകാര്യവകുപ്പിന്റെ ഏതെങ്കിലും തരത്തിലുള്ള അനുമതി ആവശ്യമായി വരുന്ന പക്ഷം ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പ്രസിഡണ്ട്/സെക്രട്ടറി, കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്, കാസർഗോഡ്

ജില്ലാ പ്ലാനിംഗ് ഓഫീസർ, കാസർഗോഡ്

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 09-02-2022 13:55:37
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്